"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷം പെർഫോമൻസ്- കം -മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.119/2022/ID തീയതി,തിരുവനന്തപുരം, 12-11-2022

പരാമർശം:-

1. 14/08/2020-ലെ സ.ഉ.(പി) നം. 67/2020/തൊഴിൽ നം. ഉത്തരവ്
2. 16/09/2020 ലെ എച്ച്1/141/2020-വ്യവ നമ്പർ സർക്കാർ കത്ത്
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 9/12/2020, 25/06/2021, 16/09/2022 എന്നീ തീയതികളിലെ PL/A/Govt/PCMA/2020 നമ്പർ കത്ത്.

ഉത്തരവ്

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയ ബോണസ് തുക തന്നെ സർക്കാർ അംഗീകാരത്തിന് വിധേയമായി 2019-20 സാമ്പത്തിക വർഷവും ബോണസായി നൽകുവാൻ പരാമർശം (2) ലെ കത്ത് പ്രകാരം അനുമതി നൽകിയിരുന്നു.

2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ നൽകുന്ന വിഷയം കമ്പനി മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തുകയും 2018-19 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയ തുകയായ 23,500/- രൂപ തന്നെ 2019-20 ലും നൽകുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. 04/11/2020 ന് ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം കമ്പനി ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 23500 രൂപ നൽകിയ കമ്പനി മാനേജ്മെന്റ് നടപടി സാധുകരിക്കാൻ തീരുമാനിക്കുകയുണ്ടായി. 2019-20 സാമ്പത്തിക വർഷം കമ്പനി ജീവനക്കാർക്ക് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് നൽകിയ ഇനത്തിൽ കമ്പനിക്കുണ്ടായ സാമ്പത്തിക ബാധ്യത Rs.142.63 ലക്ഷം രൂപയാണെന്ന് ട്രാവൻകൂർ ടൈറ്റാനിയം മാനേജിംഗ് ഡയറക്ടർ പരാമർശം (3)-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം കമ്പനി ജീവനക്കാർക്ക് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 23500 രൂപ വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് ട്രാവൻകൂർ ടൈറ്റാനിയം മാനേജിംഗ് ഡയറക്ടർ പരാമർശം (3)-ലെ കത്ത്

പ്രകാരം സർക്കാരിനോടഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റിലെ അർഹരായ ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ ഓണത്തോടനുബന്ധിച്ച് 23,500/-(ഇരുപത്തിമൂന്നായിരത്തി അഞ്ഞൂറ്) രൂപ വീതം പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ)/ജി.& എസ്.എസ്.എ), കേരളം, തിരുവനന്തപുരം

തൊഴിലും നൈപുണ്യവും വകുപ്പ് (18/03/2021 ൽ ഫയൽ നം.ഡി1/51/2021/തൊഴിൽ -ൽ നൽകിയ അഭിപ്രായം പ്രകാരം)

ധനകാര്യ വകുപ്പ് (17/09/2021 ൽ ഫയൽ നം. പി.യു - ഡി1/97/2021/ധന -ൽ നൽകിയ അഭിപ്രായം പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ് (.............. ലെ ഇനം. നം....................പ്രകാരം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-11-2022

ഫയൽ നം. എച്ച്3/289/2020/വ്യവ. ഇനം നം: 1140

വിഷയം : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2019-20 വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

9/11/22
1.10 pm

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എച്ച്3/289/2020/വ്യവ |
| 2 | വകുപ്പ് | : വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2019-20 വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 18/10/2022 Note # 53 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ; |
| | (II) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട്, തൊഴിൽ വകുപ്പ് |
| 7 | കരട് കറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 01.11.2022 |
| 10 | കരട് കറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 4.11.2022 |
| 12 | കരട് കറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : |
| 14 | കറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 14/08/2020-ലെ സ.ഉ.(പി)നം.67/2020/തൊഴിൽ നം. ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്സ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 16/09/2020 ലെ എച്ച് 1/141/2020-വ്യവ നമ്പർ കത്ത് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊട്ടു മുൻവർഷം അനുവദിച്ച ബോണസ് തുക തന്നെ ബോണസായി നൽകുവാൻ അനുമതി നൽകിയിരുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് ബോണസ് നൽകുന്ന വിഷയം കമ്പനി മാനേജ്മെന്റ് തൊഴിലാളി യൂണിയനുകളുമായി 28/08/2020 ന് നടന്ന ചർച്ചയിൽ സമവായത്തിലെത്തുകയും 2019-20 വർഷം പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യായായി 23,500/- രൂപ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള മൊത്തം സാമ്പത്തിക ബാധ്യത ₹ 142.63 ലക്ഷം രൂപയാണെന്ന് ടി.ടി.പി.എൽ-ന്റെ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 04/11/2020 ന് ചേർന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം കമ്പനി ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 23,500/- രൂപനൽകിയ കമ്പനി മാനേജ്മെന്റിന്റെ നടപടി സാധൂകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

4) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019-20 വർഷം പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ ആയി 23,500/- രൂപ

വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

5) ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

" If the bonus and other benefits are paid contrary to the guidelines in G.O.(P) No.67/20/LBR dated 14/8/2020 issued by this department, the department will not agree to the said action".

6)ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

'Finance' endorses the remarks offered by Labour Dept on the subject.'

7) 14/08/2020-ലെ സ.ഉ.(പി)നം.67/2020/തൊഴിൽ നം. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെയാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019-20 വർഷത്തിൽ പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ കമ്പനി മാനേജിംഗ് ഡയറക്ടർ വിതരണം ചെയ്തത്. ആകയാൽ ഈ നടപടി സാധൂകരിക്കേണ്ടതായിട്ടുണ്ട്.

8) ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി. Note-53

## തീരുമാനിക്കേണ്ട വിഷയം

തൊഴിലും നൈപുണ്യവും വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും അഭിപ്രായം മറികടന്നുകൊണ്ട് അർഹരായ ജീവനക്കാർക്ക് 2019-20 വർഷത്തെ പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 23,500/- രൂപ വീതം അനുവദിച്ച് നൽകിയ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

28/10/22

28/10/22

28/10/22

28/10/22

1/11/22

4/11/22

4/11/22